ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക വിദ്യാഭ്യാസ രംഗം ഇനിയും നവീകരിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) കുട്ടികളിലെ ജൻമസിദ്ധമായ വാസനകൾ പരിപോഷിപ്പിക്കത്തക്കവിധം പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ദിശ തിരിച്ചുവിടുവാൻ ഉദ്ദേശമുണ്ടോ;

(സി) വിദ്യാഭ്യാസരംഗത്ത് അടിസ്ഥാനപരമായ പോരായ്മകൾ ഇന്നത്തെ വിദ്യാഭ്യാസ വ്യവസ്ഥിതിയിൽ നിലവിലുണ്ടോ;

(ഡി) എങ്കിൽ അവ ദൂരീകരിക്കുവാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) നവീകരണ പ്രക്രീയ തുടർന്നുവരികയാണ്.

(ബി) കുട്ടികളിലെ ജൻമസിദ്ധമായ വാസനകൾ പരിപോഷിപ്പിക്കുക എന്നത് പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ ഒരു പ്രധാന ലക്ഷ്യമാണ്.

(സി&ഡി) മൂല്യനിർണ്ണയം, പാഠ്യപദ്ധതിയുടെ ഉള്ളടക്കം, പഠന പ്രവർത്തനത്തിന്റെ പുരോഗതി തുടങ്ങിയ കാര്യങ്ങളിൽ ചില ന്യൂനതകൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിലേക്കായി പ്രീ-പ്രൈമറി കാലം മുതൽ കരിക്കുലം സമഗ്രമായി പരിഷ്ക്കരിക്കുവാനായി ഒരു പദ്ധതിക്ക് എസ്.സി.ഇ.ആർ.ടി. രൂപംനൽകിവരുന്നു. മൂല്യനിർണ്ണയത്തിലും ഗ്രേഡിംഗ് സിസ്റ്റത്തിലും മാറ്റംവരുത്തുവാൻ ഉദ്ദേശിക്കുന്നു.

45 (486) അധ്യാപകരെ പുനരധിവസിപ്പിക്കുന്നതിന് 'ഹെർമിറ്റേജുകൾ'

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസിൽനിന്ന് വിരമിച്ച നിരാലംബരായ അധ്യാപകരെ പുനരധിവസിപ്പക്കുന്നതിന് 'ഹെർമിറ്റേജുകൾ' തുറന്ന് പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഹെർമിറ്റേജിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ളത്;

(ഡി) സർവ്വീസിൽനിന്നും വിരമിച്ചശേഷം അധ്യാപകരുടെ സേവനം വിദ്യാഭ്യാസ മേഖലകളിൽ ഫലപ്രദമായി ഉപയോഗിക്കുന്നതിന് ഹെർമിറ്റേജ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എപ്രകാരം; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാനത്ത് കൂടുതൽ ഹെർമിറ്റേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) എങ്കിൽ എവിടെയൊക്കെ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്തു മാത്രം.

(സി) സിംഗിൾ, ഡബിൾ, ട്രിപ്പിൾ റൂമുകൾ, അടുക്കള, ഭക്ഷണശാല, ലൈബ്രറി, റീഡിംഗ് റൂം, ചികിത്സാ സൗകര്യം, റിക്രിയേഷൻ റൂം, പ്രാർത്ഥനാ ഹാൾ തുടങ്ങിയ സൗകര്യങ്ങളാണ് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ളത്.

(ഡി) ഉണ്ട്.

(ഇ) വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുക, ഹെർമിറ്റേജിന്റെ സമീപത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക, ഒഴിവു സമയങ്ങളിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പുതു പഠന സൗകര്യങ്ങൾ ഉണ്ടാക്കുക, ഹെർമിറ്റേജിലെ വിരമിച്ച അധ്യാപകരുടെ മുഴുവൻ കഴിവും സമൂഹത്തിന് മൊത്തത്തിൽ പ്രയോജനപ്പെടുത്തുക എന്നിവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(എഫ്&ജി) തിരുവനന്തപുരത്ത് ഹെർമിറ്റേജിൽ 93 പേരെ താമസിപ്പിക്കാം. ആവശ്യമെന്നുകാണുന്നപക്ഷം കൂടുതൽ ഹെർമിറ്റേജുകൾ ആരംഭിക്കുന്നതാണ്.

46 (487) എയിഡഡ് സ്കൂൾ അധ്യാപകർക്ക് പ്രൊട്ടക്ഷൻ അനുവദിക്കുന്ന നടപടി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14.7.96-ൽ സർവ്വീസിലുണ്ടായിരുന്നവരും 1996-97 വിദ്യാലയ വർഷത്തിൽ 14.7.97 വരെ റഗുലർ തസ്തികയിൽ നിയമിതരായവരുമായ എയിഡഡ് സ്കൂൾ അധ്യാപകർക്ക് പ്രൊട്ടക്ഷൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഈ ഉത്തരവിന്റെ ആനുകൂല്യത്തിൽ സംസ്ഥാനത്ത് എത്ര അധ്യാപകർക്ക് സർവ്വീസിൽ തുടരാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ഇതുമൂലം സർക്കാരിന്റെ അധിക സാമ്പത്തിക ബാദ്ധ്യത എത്രയാണ്;

(ഇ) ഈ ആനുകൂല്യം എയിഡഡ് സ്കൂളിലെ അനധ്യാപകർക്ക് നൽകാതിരുന്നതിന്റെ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly